File No.SJD/3930/2021-C1

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം. അഞ്ജന IAS )

ഉത്തരവ് നം.SJD/3930/2021-C1

തിരുവനന്തപുരം,
തീയതി. 11/03/2022

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ - മുൻകുറ്റവാളികൾ/ പ്രൊബേഷണർമാർ എന്നിവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി - 2021-22 -ജില്ലാ പ്രൊബേഷൻ ഓഫീസ്, കണ്ണൂർ - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(സാധാ) നം. 389/2010/സാ.ക്ഷേ.വ. തീയതി. 09/09/2010

2.സ.ഉ.(സാധാ) നം. 537/2021/സാ.നീ.വ. തീയതി. 05/08/2021

3.കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിന്നുള്ള അപേക്ഷകൾ

പ്രൊബേഷൻ & ആഫ്റ്റർ കെയർ സേവനങ്ങളുടെ ഭാഗമായി വകുപ്പ് മുഖേന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി മുൻകുറ്റവാളികൾ, പ്രൊബേഷണർ എന്നിവരുടെ പുനരധിവാസത്തിനായി 15,000/- രൂപാ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു . മേൽ പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയത് പോലെ 2021-22 സാമ്പത്തിക വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, പ്രസ്തുത പദ്ധതിയ്ക്കായി 30 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ചതിൻ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസിൽ ലഭിച്ച 2 ജയിൽ മോചിതരുടെ അപേക്ഷകൾ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിരിക്കുന്നു. ടി അപേക്ഷകൾ വ്യക്തമായി പരിശോധിച്ചതിൽ ലഭ്യമായിട്ടുള്ള 2 അപേക്ഷകളും പരിഗണനാർഹമാണെന്ന് കാണുന്നു. പ്രസ്തുത അപേക്ഷകർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി ഒരാൾക്ക് 15,000/- രൂപ നിരക്കിൽ 2 പേർക്ക് **30,000/- രൂപയുടെ (മുപ്പതിനായിരം രൂപാ മാത്രം)** ധനസഹായത്തിന് .അർഹതയുള്ളതായി കാണുന്നു

മേൽ വിവരിച്ച സാഹചര്യത്തിൽ , മുൻകുറ്റവാളികൾ/പ്രൊബേഷണർ എന്നിവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതിയിലേക്ക് കണ്ണൂർ

**File No.SJD/3930/2021-C1**

ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകർക്ക് ഒരാൾക്ക് 15,000/- രൂപാ നിരക്കിൽ 2 പേർക്ക് **30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം)** കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ പേരിൽ അനുവദിച്ചുത്തരവാകുന്നു. മേൽ തുകയായ **30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം)** കണ്ണൂർ ജില്ലാ സാമൂഹ്യനീതി ഓഫീസർ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് കൈമാറേണ്ടതും പ്രൊബേഷൻ ഓഫീസർ, ചുവടെ പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും , യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

ഗുണഭോക്താക്കളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**മുൻകുറ്റവാളികൾക്കും പ്രൊബേഷണർമാർക്കും 2021 -2022 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിലിനുള്ള ധനസഹായം**

**കണ്ണൂർ ജില്ല**

| SL.NO | Name and Address of applicant | Category of the Applicant(Probationer/Exconvict) | Applied for Occupation | Amount to be alloted | Remarks |
|---|---|---|---|---|---|
| 1 | കെ.വി ഗിരീഷ് പ്രസാദം ടെംബിൾ റോഡ് പുതിയ തെരുവ് ചിറക്കൽ പി ഒ | മുൻ കുറ്റവാളി | ഓട്ടോറിക്ഷ വാങ്ങാൻ | 15,000/- | പ്രൊബേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിക്കാവുന്നതാണ്. |
| 2 | റിക്കാസ് സി ബൈത്തുൽ റാഹ കെട്ടിനകം മുഴപ്പിലങ്ങാട് പി ഒ കണ്ണൂർ | മുൻ കുറ്റവാളി | ഇലക്ട്രിക് & പ്ലംബിംഗ് വർക്ക് | 15,000/- | പ്രൊബേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിക്കാവുന്നതാണ്. |
| ആകെ | | | | 30,000/- | |

ഇതിലേയ്ക്കാവശ്യമായ ചെലവ് 2021-22 സാമ്പത്തിക വർഷം 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസിനായി അനുവദിച്ചിട്ടുളള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

M.Anjana IAS
സാമൂഹ്യനീതി ഡയറക്ടർ

ജില്ലാ സാമൂഹ്യനീതി ഓഫീസർ,കണ്ണൂർ

പകർപ്പ് :

1. ജില്ലാ പ്രൊബേഷൻ ഓഫീസർ,കണ്ണൂർ
2. സൂപ്രണ്ട്, എ സെക്ഷൻ

3. വെബ്ബ്സൈറ്റ്/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്